DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15-11-2019

# കാർഷികമേഖലാവാർത്തകൾ

## പരിശീലനം

കേരള കാർഷികസർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സസ്യപ്രജനന മാർഗ്ഗങ്ങളായ 'ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ് ' എന്നീ വിഷയങ്ങളിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. ഈ മാസം 19,20,21 തിയ്യതികളിൽ കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487 – 2370773, 9447789728, 9497412597 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 10 ദിവസത്തെ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി ഈ മാസം 18 മുതൽ 28 വരെയുള്ള തീയതികളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ കോട്ടയം ഈരയിൽ കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താല്പര്യമുള്ള കർഷകർ ഈ മാസം 17 ന് മുമ്പായി 0481–2302223 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിലെ പ്രിൻസിപ്പാൾ അറിയിച്ചു.

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിങ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽഫാം വെള്ളാനിക്കരയിൽ വെച്ച് പച്ചക്കറികൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാപോണിക്സ് എന്ന കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 26 മുതൽ 28 വരെയുള്ള തിയ്യതികളിൽ നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപകൽപ്പനകൾ, പ്രവർത്തന - ഉപയോഗ - പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെ കുറിച്ച് വിദഗ്ധർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ **രാവിലെ 10 മണി മുതൽ 4മണി വരെ** ബന്ധപ്പെടുക.

## ഉണക്കറബ്ബർതൂക്കം തിട്ടപ്പെടുത്തുന്നതിൽ പരിശീലനം

റബ്ബർപാലിലെ ഉണക്കറബ്ബർതൂക്കം (ഡി.ആർ.സി.) തിട്ടപ്പെടുത്തുന്നതിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. തോട്ടങ്ങളിൽനിന്നുള്ള റബ്ബർപാൽ, സാന്ദ്രീകൃത റബ്ബർപാൽ എന്നിവയുടെ ഡി.ആർ.സി. കണക്കാക്കുന്നതിലുള്ള പരിശീലനം നവംബർ 26, 27 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. പരിശീലനഫീസ് 2000 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം

നൽകണം. റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കെമിസ്റ്റുകൾക്കും അനലിസ്റ്റുകൾക്കും പരിശീലനം പ്രയോജനം ചെയ്യും. പരിശീലന മാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് ഡയറക്ടർ -ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ എന്ന അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എന്നീ ഫോൺ നമ്പരുകളിൽ : 0481-2353127, 2351313 ബന്ധപ്പെടുക.

## പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19,21,22 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479-2457778 എന്ന നമ്പരിൽ ബന്ധപ്പെടുക.